# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1734** — **25.03.2013 ലെ മറുപടിക്ക്**

## പി.എസ്.സി പരീക്ഷ മലയാളത്തിലാക്കുന്നതിന് നടപടി

ചോദ്യം — ഉത്തരം

ശ്രീ. റ്റി.യു.കുരുവിള: — ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ ജോലിക്ക് മലയാളം നിർബന്ധിതമാക്കിയതുപോലെ പി.എസ്.സി നടത്തുന്ന മുഴുവൻ പരീക്ഷകളും മലയാളത്തിലാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ: വിശദാംശം ലഭ്യമാക്കുമോ; | (എ) യും (ബി) യും | പത്താം ക്ലാസ്സുവരെ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലാത്തവർ കേരള സർക്കാർ സർവീസിൽ പ്രവേശിച്ചാൽ അവരുടെ പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് പത്താം ക്ലാസ് മലയാള പാഠാവലിയുടെ നിലവാരത്തിലുള്ള ഒരു പരീക്ഷ വിജയിക്കണമെന്നും ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരുടെ കാര്യത്തിൽ ഇതു ബാധകമാക്കണമെന്നും പരീക്ഷാ നടത്തിപ്പിന് കേരള പബ്ലിക് സർവീസ് കമ്മീഷനെ ചുമതലപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നതായും മലയാളം മിഷന്റെ കീഴിലുള്ള മലയാള ഭാഷാ പഠനത്തിന്റെ ഭാഗമായി സീനിയർ ഹയർ ഡിപ്ലോമ പരീക്ഷ ജയിച്ചവർക്ക് ഈ പരീക്ഷ എഴുതേണ്ടതില്ല എന്ന വ്യവസ്ഥ ഉൾക്കൊള്ളിക്കണമെന്ന് ഉദ്ദേശിക്കുന്നതായും കേരള പബ്ലിക് സർവീസ് കമ്മീഷനെ അറിയിക്കുകയും കമ്മീഷന്റെ ഉപദേശം സർക്കാരിനെ അറിയിക്കണമെന്നഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഉപദേശം സർക്കാരിന് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ പബ്ലിക് സർവ്വീസ് കമ്മീഷനുകൾ സർക്കാർ ജോലിക്കുള്ള പരീക്ഷകൾ പ്രാദേശിക ഭാഷകളിൽ നടത്തുന്നതുപോലെ സംസ്ഥാനത്തും പി.എസ്.സി ചോദ്യപേപ്പറുകൾ മലയാളത്തിലും നൽകുന്നതിന് എന്തെല്ലാംനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന എല്ലാ എഴുത്തു പരീക്ഷകൾക്കും ഭാഷാ ന്യൂനപക്ഷങ്ങൾക്ക് നിലവിലുള്ള അവകാശം നിലനിർത്തിക്കൊണ്ട് ഒരു പേപ്പർ മലയാളത്തിൽത്തന്നെ നിർബന്ധമായും ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തു കൊണ്ട് 7.7.2000-ലെ സ.ഉ(അച്ചടിച്ചത്) നം.5/2000/ഉഭപവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**